**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1352** **03-02-2026-ൽ മറുപടിയ്ക്ക്**

**<u>ദേശീയപാത നിർമാണമേഖലയിൽ സുരക്ഷാക്രമീകരണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. റോജി എം. ജോൺ

ശ്രീ. സി. ആർ. മഹേഷ്

ശ്രീമതി ഉമ തോമസ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** അരൂർ - തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടെ എരമല്ലൂരിൽ ഗർഡർ വീണ് പിക്കപ്പ് വാൻ ഡ്രൈവർ മരിച്ച സംഭവം ഗൗരവത്തോടെ കാണുന്നുണ്ടോ;

**<u>മറുപടി:</u>** ദേശീയപാത 66 ന്റെ ഭാഗമായ അരൂർ - തുറവൂർ ഉയരപ്പാത നിർമ്മാണത്തിനിടെ ഗിർഡർ സ്ഥാപിക്കുന്ന പ്രവൃത്തിക്കിടെ അപകടം ഉണ്ടായ സംഭവത്തിൽ സംസ്ഥാന സർക്കാർ ഇടപെടലുകൾ നടത്തിയിരുന്നു. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചതായി NHAI അറിയിച്ചിരുന്നു. സംഭവത്തെക്കുറിച്ച് ദേശീയപാത അതോറിറ്റി നിയോഗിച്ച ഉന്നതതല വിദഗ്ധ സമിതി 2025 നവംബർ 14–15 തീയതികളിൽ വിശദമായ അന്വേഷണം നടത്തി. പ്രാഥമിക കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ M/s RITES മുഖേന സമഗ്ര സുരക്ഷാ ഓഡിറ്റ് നിർദേശിക്കുകയും, സുരക്ഷാ ഓഡിറ്റിന്റെ ഭാഗമായി സൈറ്റ് പരിശോധന നടത്തുകയും ചെയ്തിട്ടുണ്ട്. ഈ സംഭവത്തിന്റെ പശ്ചാത്തലത്തിൽ കോൺട്രാക്ടർക്കും അതോറിറ്റി എൻജിനീയർക്കും ദേശീയപാത അതോറിറ്റി കാരണം കാണിക്കൽ നോട്ടീസുകൾ നൽകിയിട്ടുണ്ട്, മാത്രമല്ല നിശ്ചിത കാലയളവിലേക്ക് നിലവിലുള്ളതും ഭാവിയിലേതുമായ ടെൻഡറുകളിൽ പങ്കെടുക്കുന്നതിൽ നിന്ന് അവരെ സസ്പെൻഡ് ചെയ്തിട്ടുമുണ്ട് എന്ന് NHAI അറിയിക്കുന്നു.

**(ബി)** ദേശീയപാത നിർമ്മാണത്തിനിടെ ഉണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാൻ നടത്തുന്ന ഇടപെടൽ വിശദമാക്കാമോ;

**<u>മറുപടി:</u>** NH-66 നിർമ്മാണത്തിനിടെ സുരക്ഷ ഉറപ്പാക്കണമെന്ന് സംസ്ഥാനം കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. NH-66 നിർമ്മാണത്തിനിടെ ഇത്തരം സംഭവങ്ങൾ വീണ്ടും ആവർത്തിക്കാതിരിക്കാൻ സൈറ്റ് സുരക്ഷാ പ്രോട്ടോകോളുകൾ ശക്തിപ്പെടുത്തൽ, വ്യക്തിഗത സുരക്ഷാ ഉപകരണങ്ങൾ നിർബന്ധിതമാക്കൽ, കർശനമായ മേൽനോട്ടവും സുരക്ഷാ ഓഡിറ്റുകളും, പ്രവൃത്തി മേഖലകളിൽ മെച്ചപ്പെടുത്തിയ ബാരിക്കേഡിംഗം ട്രാഫിക് മാനേജ്മെന്റ് ക്രമീകരണങ്ങളും, മുന്നറിയിപ്പ് ബോർഡുകളും വേഗനിയന്ത്രണ സംവിധാനങ്ങളും സ്ഥാപിക്കൽ, പരിശീലനം നേടിയ സുരക്ഷാ ജീവനക്കാരെ നിയോഗിക്കൽ, തൊഴിലാളികൾക്ക് സ്ഥിരമായ സുരക്ഷാ പരിശീലനവും

ടൂൾബോക്സ് ചർച്ചകളും നടത്തൽ, സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് നടപടിക്രമങ്ങളുടെ കർശനമായ നടപ്പാക്കൽ തുടങ്ങിയ സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്

**(സി)** ദേശീയപാത നിർമ്മാണം നടക്കുന്ന മേഖലകളിലെ അപകട സാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി ഗതാഗത നിയന്ത്രണം ഏർപ്പെടുത്തുന്നതിനും ബദൽ ക്രമീകരണങ്ങൾ നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ?

**മറുപടി:** B പിരിവിന്റെ അതേ മറുപടി

**സെക്ഷൻ ഓഫീസർ**